(ബി) ഈ പ്രവൃത്തിയുടെ കരാറുകാരന് മുഴുവൻ തുകയും നൽകിയിട്ടില്ല. 4,11,46,495 (നാലുകോടി പതിനൊന്ന് ലക്ഷത്തി നാൽപ്പത്താറായിരത്തി നാനൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) രൂപ ഇനി കരാറുകാരന് നൽകാനുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് തുക കൊടുത്തു തീർക്കാർ സാധിക്കുന്നതാണ്.

(സി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ചുള്ള പ്രവർത്തികൾ 2015 നവംബർ 30-ഓടെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും പൂർത്തീകരിക്കുവാൻ സാധിച്ചില്ല. എഗ്രിമെന്റ് പ്രകാരം 31-3-2016-ലാണ് പ്രസ്തുത പണി പൂർത്തിയാക്കേണ്ടത്. ഇതുപ്രകാരം സമയബന്ധിതമായി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**ചെറുകിട ജലസേചന പദ്ധതികളുടെ മെയിന്റനൻസ്**

183 (872) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പല ഇറിഗേഷൻ പദ്ധതികളും പ്രവർത്തനരഹിതമായി കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എല്ലാ വർഷവും പ്രോജക്ട് മെയിന്റനൻസ്, മെയിന്റനൻസ് ആന്റ് റിപ്പെയർ, റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ. സ്കീം എന്നീ ഹെഡുകളിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതനുസരിച്ച് ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വലിയ പദ്ധതികൾക്ക് നബാർഡിന്റെ സഹായത്തോടെയും ചെറിയ തോതിലുള്ള പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ വർഷാവർഷം മെയിന്റനൻസിന് വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1352/2017

LIBRARY ARCHIVES Kerala Legislative Assembly